**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3433** — **14-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷിഭവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആർ.ഐ.ഡി.എഫ്. ഉപയോഗപ്പെടുത്തി സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ആർ.ഐ.ഡി.എഫ്.ട്രാഞ്ചെ XXVII ൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 14 കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്ന പദ്ധതിയ്ക്ക് 31.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ ലക്ഷ്യവും അതിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളും അവയ്ക്കായി അനുവദിക്കുന്ന തുകയും വിശദീകരിക്കാമോ? | (ബി) | ജില്ലയിൽ ഒരു കൃഷിഭവൻ എന്ന നിലയിൽ 14 കൃഷിഭവനുകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവികസനം നൽകുക, കടലാസ് രഹിത ഓഫീസുകളാക്കി ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുക, കൃഷി സംബന്ധമായി പഞ്ചായത്തുകളിലെ വിഭവ-വിവര സമാഹരണവും അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റലൈസേഷനും നടപ്പിലാക്കുക, കർഷകരുടെയും ബന്ധപ്പെട്ട വിളകളുടേയും അടിസ്ഥാന വിവര സമാഹരണം നടത്തി അവ ഓൺലൈനിൽ ലഭ്യമാക്കുക, കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ, വെബ് ഇന്റർഫെയ്സ് എന്നിവയിലൂടെ ഓൺലൈൻ സർവ്വീസുകൾ ലഭ്യമാക്കുക, കർഷകരുടെ ആവശ്യങ്ങൾക്ക് യഥാസമയത്തിലും ദ്രുതഗതിയിലുമുള്ള സേവനങ്ങൾ ലഭ്യമാക്കുക, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളെ പരിപോഷിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.<br><br>14സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിലെ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ഘടകങ്ങൾ | അനുവദിക്കുന്ന തുക (കോടി) |
|---|---|---|
| 1 | അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റൈസേഷനും വിഭവ ഭൂപരേഖ (Resource mapping) തയ്യാറാക്കലും | 31.5 |
| 2 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ മെച്ചപ്പെടുത്തൽ (Bio pharmacy) | |
| 3 | കൃഷിഭവനുകളിലെ വിവരസാങ്കേതികവിദ്യാ നിലവാരം മെച്ചപ്പെടുത്തൽ | |
| 4 | കടലാസ് രഹിത ഓഫീസ് | |
| 5 | കർഷകർക്ക് സ്മാർട്ട് കാർഡുകൾ നൽകലും AIMS പോർട്ടലിൽ എൻറോൾ ചെയ്യലും | |
| 6 | സ്വീകരണ കാര്യാലയ - കാർഷിക വിവര/കേന്ദ്രത്തിന്റെ നിർമ്മാണം | |
| 7 | ഫാം പ്ലാനിന്റേയും ഫാം വിശദാംശങ്ങളുടെയും ഡിജിറ്റൈസേഷൻ | |
| 8 | നഴ്സറി ശൃംഖലകളുടെ ഏകീകരണവും ഇ-ബില്ലിംഗ് സിസ്റ്റവും | |
| 9 | ഓൺലൈൻ ഡിജിറ്റൽ മീഡിയ ലൈബ്രറി | |
| 10 | കേന്ദ്രീകൃത ഓൺലൈൻ ഓഡിറ്റിംഗ് സിസ്റ്റം | |
| 11 | ജലസേചന സംവിധാനത്തോടെയുള്ള ഗ്രീൻ ഹൗസുകളുടെ നിർമ്മാണം | |
| 12 | വ്യാപാര അടിസ്ഥാന വികസന സംവിധാനം | |
| 13 | കൃഷി ഭവൻ ഓഫീസുകളുടെ നിർമ്മാണം | |

സെക്ഷൻ ഓഫീസർ